"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശസ്വയം ഭരണ വകുപ്പ്- അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ- പുതുക്കിയ മാർഗ്ഗരേഖ ഉൾപ്പെടുത്തികൊണ്ട് പുറപ്പെടുവിച്ച കൈപ്പുസ്തകം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ(ഐ.എ)വകുപ്പ്

സ.ഉ.(കൈ) നം.296/2021/ത.സ്വ.ഭ.വ   തീയതി,തിരുവനന്തപുരം, 07/12/2021

---

പരാമർശം:- 1. 02.06.2021 തീയതിയിലെ സ.ഉ.(കൈ) നം.99/2021/തസ്വഭവ

2. 16.07.2021 തീയതിയിലെ സ.ഉ.(കൈ) നം.145/2021/തസ്വഭവ

3. സ്റ്റേറ്റ് നോഡൽ ഓഫീസറുടെ 18.10.2021 തീയതിയിലെ 8570/ഇ.പി.എസ്1/2021/സി.ആർ.ഡി. നം. കത്ത്.

<u>ഉത്തരവ്</u>

സംസ്ഥാനത്ത് അതീവ ദാരിദ്ര്യം അനുഭവിക്കുന്ന കുടുംബങ്ങളെ കണ്ടെത്തുന്നതിലേയ്ക്ക് സംസ്ഥാന വ്യാപകമായി തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ നടത്തേണ്ട സർവ്വേയ്ക്ക് ആവശ്യമായ മാർഗ്ഗരേഖകൾ തയ്യാറാക്കുന്നതിന് പരാമർശം (1) പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി (നഗരം), തദ്ദേശസ്വയംഭരണ വകുപ്പ് എന്നിവരെ ചുമതലപ്പെടുത്തി ഉത്തരവായിരുന്നു. തുടർന്ന് കിലയുടെ നേതൃത്വത്തിൽ വിദഗ്ധരുമായുള്ള ചർച്ചയുടെ അടിസ്ഥാനത്തിൽ അതിദരിദ്രരെ കണ്ടെത്തൽ പ്രക്രിയയ്ക്ക് ആവശ്യമായ മാർഗ്ഗരേഖകൾ രൂപീകരിക്കുകയും പരാമർശം (2) പ്രകാരം പ്രസ്തുത മാർഗ്ഗരേഖ അംഗീകരിച്ച് ഉത്തരവായിരുന്നു.

2. അതിദരിദ്രരെ കണ്ടെത്തുന്നതിനുള്ള മാർഗ്ഗരേഖ അംഗീകരിച്ചുകൊണ്ടുള്ള പരാമർശം (2)ലെ ഉത്തരവിൽ മാനദണ്ഡങ്ങളും, പ്രക്രിയകളും പരിശോധിക്കുന്നതിനുള്ള പ്രാരംഭ പഠനത്തിന്റെ അടിസ്ഥാനത്തിൽ മാനദണ്ഡങ്ങളിലോ പ്രക്രിയകളിലോ ആവശ്യമായ മാറ്റങ്ങൾ വേണ്ടിവന്നാൽ ആയവ മാർഗനിർദ്ദേശങ്ങളിൽ ഉൾപ്പെടുത്താവുന്നതാണെന്നു നിഷ്കർഷിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്റെ ഭാഗമായി തുടർപരിശീലനങ്ങൾക്കും ,പ്രവർത്തനങ്ങൾക്കും മാർഗ്ഗദർശകമായി മാർഗ്ഗരേഖയിൽ മതിയായ മാറ്റങ്ങൾ വരുത്താൻ കില നേതൃത്വം നൽകി .

3. കൈപ്പുസ്തകരൂപത്തിൽ തയ്യാറാക്കിയ പുതുക്കിയ മാർഗരേഖ അംഗീകരിച്ച് ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ശാരദ മുരളീധരൻ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ഡയറക്ടർ, പഞ്ചായത്ത്
ഡയറക്ടർ, നഗരകാര്യം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് നോഡൽ ഓഫീസർ, അതിദാരിദ്ര്യ നിർണ്ണയ പ്രക്രിയ, ഗ്രാമവികസന കമ്മീഷണറേറ്റ്,

തിരുവനന്തപുരം
ഡയറക്ടർ, കില
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ,തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ&ആർ. എസ്.എ/ജി&എസ്.എസ്.എ), കേരള, തിരുവനന്തപുരം.
ഐ.ആന്റ്പി.ആർ.(വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.(File No.IA1/344/2021-LSGD)

ഉത്തരവിൻ പ്രകാരം

കൈപ്പുസ്തകം - മെയിൽ

Signed by Vijitha M B
Date: 08-12-2021 10:55:57
Reason: Approved

സെക്ഷൻ ഓഫീസർ